**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*(ഹാജർ: ശ്രീമതി. ഇന്ദു വിജയനാഥ്)*

വിഷയം – തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ കാര്യാലയം, ആലപ്പുഴ – പാലമേൽ ഗ്രാമപഞ്ചായത്ത്– പാലമേൽ വില്ലേജ്– **പ്ലോട്ട് സബ് ഡിവിഷൻ–** ലേ – ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം – 1. പാലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.05.2021–ലെ സി2–1596/2021 നമ്പർ കത്ത്

2. ശ്രീമതി. പ്രമീള ദേവി പി. എൻ., കൃഷ്ണകൃപ, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം എന്നയാളുടെ 06.08.2021 തീയതിയിലെ പുതുക്കി സമർപ്പിച്ച അപേക്ഷയും, പ്ലാനുകളും.

**<u>ഉത്തരവ് നമ്പർ TCPALP/1799/2021–C / കെ.ഡിസ് തീയതി : 06/09/2021</u>**

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ പാലമേൽ വില്ലേജിൽ വാർഡ് നമ്പർ 3, റീസർവ്വേ നമ്പർ 297/6–ൽപ്പെട്ട **1.3520** ഹെക്ടർ സ്ഥലത്തെ **0.66522** ഹെക്ടർ പ്രദേശത്തെ റെസിഡൻഷ്യൽ ഉപയോഗത്തിന് വേണ്ടിയുള്ള പ്ലോട്ട് സബ് ഡിവിഷൻ അനുമതിക്കായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. പ്രമീള ദേവി പി. എൻ., കൃഷ്ണകൃപ, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ** എന്നയാളുടെ അപേക്ഷയും, പ്ലാനുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.–2019 ചട്ടം (**5**)(6)(1)എ & ബി, ചട്ടം 31(I)(xi) എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി **പ്ലോട്ട് സബ് ഡിവിഷൻ ചെയ്യുന്നതിന് ലേ – ഔട്ട്** അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ കെ.പി.ബി.ആർ.–2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. പ്ലോട്ട് സബ് ഡിവിഷന് ഉള്ള അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

6. കെ.പി.ബി.ആർ.–2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
7. കെ.പി.ബി.ആർ.–2019 ചട്ടം 31 1(i) മുതൽ 31 1(vi) വരെയുള്ളവ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറിഉറപ്പുവരുത്തിയിരിയ്ക്കണം.
8. പ്രസ്തുത പ്ലോട്ട് സബ് ഡിവിഷൻ കെ.പി.ബി.ആർ.–2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**<u>അംഗീകരിച്ച ലേ–ഔട്ട് നമ്പർ – എൽ.എ 18/2021</u>**

Signature Not Verified
Digitally signed by Indu Vijayanath
Date: 2021.09.06 14:28:07 IST
Reason: Approved

**ഇന്ദു വിജയനാഥ്**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി,
പാലമേൽ ഗ്രാമപഞ്ചായത്ത്. (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ്: –
1. ശ്രീമതി. പ്രമീള ദേവി പി. എൻ., കൃഷ്ണകൃപ, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം.
2. ഓഫീസ് കോപ്പി
3. കരുതൽ ഫയൽ.